**കേരള സർക്കാർ**

**പൊതുഭരണ (പൊളിറ്റിക്കൽ) വകുപ്പ്**

നം. 37/പോൾ -3/2024/പൊഭവ തീയതി, തിരുവനന്തപുരം, 25.03.2024

**പരിപത്രം**

വിഷയം :- പൊതുഭരണ (പൊളിറ്റിക്കൽ) വകുപ്പ് - പൊതുതെരഞ്ഞെടുപ്പ് - 2024 – മാതൃകാ പെരുമാറ്റച്ചട്ടം - സർക്കാർ അതിഥി മന്ദിരങ്ങൾ, കന്യാകുമാരി കേരള ഹൗസ് - മുറികൾ അനുവദിക്കുന്നത് - സംബന്ധിച്ച്

2024 ഏപ്രിൽ, മെയ് മാസങ്ങളിൽ നടക്കാനിരിക്കുന്ന ലോകസഭ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് നിലവിൽ വന്ന മാതൃകാ പെരുമാറ്റച്ചട്ടം അടിസ്ഥാനമാക്കി സർക്കാർ അതിഥി മന്ദിരങ്ങൾ, കന്യാകുമാരി കേരള ഹൗസ് എന്നിവിടങ്ങളിൽ മുറികൾ അനുവദിക്കുമ്പോൾ ചുമതലപ്പെട്ട ഉദ്യോഗസ്ഥർ ചുവടെപ്പറയുന്ന നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.

1. കാബിനറ്റ് പദവി വഹിക്കുന്ന വ്യക്തികൾ, എം.പി, എം.എൽ.എ, തദ്ദേശ സ്വയം ഭരണ സ്ഥാപനാധികാരികൾ, എക്സ് എം.പി, എക്സ് എം.എൽ.എ, ബോർഡ്, കോർപ്പറേഷൻ മറ്റ് സ്റ്റാറ്റ്യൂട്ടറി പദവിയുള്ള സ്ഥാപനങ്ങളിൽ ഉദ്യോഗസ്ഥരല്ലാത്ത ഔദ്യോഗിക പദവി വഹിക്കുന്നവർ എന്നിവരുടെ താമസത്തിന് മുറി വാടക പൂർണ്ണ നിരക്കിൽ ഈടാക്കേണ്ടതാണ്. കൂടാതെ തുടർച്ചയായി പരമാവധി 48 മണിക്കൂർ വരെ മാത്രമേ മുറികൾ അനുവദിക്കാവൂ.
2. സ്വകാര്യ വ്യക്തികൾക്ക് 48 മണിക്കൂർ വരെ മാത്രമെ തുടർച്ചയായി അതിഥി മന്ദിരങ്ങളിൽ മുറികൾ അനുവദിക്കാൻ പാടുള്ളൂ.
3. അധികാരത്തിലിരിക്കുന്ന കക്ഷികൾക്കും മറ്റ് കക്ഷികളിൽ പെട്ടവർക്കും സർക്കാർ അതിഥി മന്ദിരങ്ങളിൽ ലഭ്യമായ താമസ സൗകര്യങ്ങൾ നീതിയുക്തമായി അനുവദിക്കേണ്ടതാണ്. സ്ഥാനാർത്ഥികളോ കക്ഷികളോ, അതിഥിമന്ദിരമോ കോൺഫറൻസ് ഹാളുകളോ പരിസരമോ തെരഞ്ഞെടുപ്പ് പ്രചാരണത്തിനുള്ള വേദിയാക്കുവാനോ പൊതുയോഗം നടത്തുവാനോ പാടുള്ളതല്ല. സ്ഥാനാർത്ഥികളുടെയോ കക്ഷികളുടേയോ ഓഫീസുകളായി അതിഥി മന്ദിരങ്ങൾ പ്രവർത്തിക്കരുത്.
4. തെരഞ്ഞെടുപ്പ് നിരീക്ഷകർക്ക് കേന്ദ്രസർക്കാർ ഉദ്യോഗസ്ഥരുടെ ഔദ്യോഗിക നിരക്കിൽ മുറിവാടക ഈടാക്കേണ്ടതാണ്.
5. കാബിനറ്റ് പദവിയിലിരിക്കുന്നവരുടെ ഉപയോഗത്തിന് ടൂറിസം ഗ്യാരേജുകളിൽ നിന്ന് വാഹനങ്ങൾ അനുവദിച്ച് നൽകുമ്പോൾ തികച്ചും ഔദ്യോഗികയാത്രകൾക്കു മാത്രമേ അവ ഉപയോഗിക്കാൻ അനുമതിയുള്ളൂ.

*(.........2)*

6. തെരഞ്ഞെടുപ്പ് ചുമതലയിലുള്ള ഉദ്യോഗസ്ഥർക്ക് അതിഥി മന്ദിരങ്ങളിൽ മുറികൾ അനുവദിക്കുന്നതിന് പ്രഥമ പരിഗണന നൽകേണ്ടതാണ്. 'Z' കാറ്റഗറിയിലുള്ള രാഷ്ട്രീയ പ്രവർത്തകർക്ക് ലഭ്യമായ മുറികൾ അനുവദിച്ച് നൽകണം.

മേൽപ്പറഞ്ഞ ക്രമീകരണങ്ങൾ ഏർപ്പെടുത്തുന്നതുമായി ബന്ധപ്പെട്ട് ദേശീയ തെരഞ്ഞെടുപ്പ് കമ്മീഷൻ പുറത്തിറക്കിയ മാതൃകാ പെരുമാറ്റച്ചട്ടത്തിൽ (Manual on Model Code of Conduct) ഉൾക്കൊള്ളിച്ചിരിക്കുന്ന വിശദമായ നിർദ്ദേശങ്ങൾ (*https://eci.gov.in/ issue-details-page-instructions* എന്ന വെബ്സൈറ്റിൽ ലഭ്യമാണ്) ബന്ധപ്പെട്ട ഉദ്യോഗസ്ഥർ പാലിക്കേണ്ടതാണ്.

**കെ ആർ ജ്യോതിലാൽ**
അഡീഷണൽ ചീഫ് സെക്രട്ടറി

സെക്രട്ടറി, നിയമസഭ
എല്ലാ ജില്ലാ കളക്ടർമാർക്കും
ഡയറക്ടർ, ടൂറിസം വകുപ്പ്
സർക്കാർ അതിഥി മന്ദിരങ്ങളിലെ മാനേജർമാർക്ക്
അസി. എക്സിക്യൂട്ടീവ് എഞ്ചിനീയർ, ഗ്യാരേജ്, ടൂറിസം വകുപ്പ്
വിവര പൊതുജനസമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ് (ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരണത്തിന്)
ഓഫീസ് പകർപ്പ് / കരുതൽ ശേഖരം

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്
മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
എല്ലാ മന്ത്രിമാരുടെയും പ്രൈവറ്റ് സെക്രട്ടറിമാർക്ക്
ചീഫ് സെക്രട്ടറിയുടെ സ്റ്റാഫ് ഓഫീസർക്ക്